**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **01-02-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ പ്രവർത്തനസജ്ജമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ 2022 ജൂൺ 7-ന് പ്രവർത്തനം ആരംഭിക്കുകയും 2022 ഒക്ടോബർ 18-ന് ആയതിലേക്ക് തസ്തികകൾ അനുവദിക്കുകയും ചെയ്തെങ്കിലും ഇതുവരെ പ്രവർത്തനസജ്ജമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം ഭരണ നിർവ്വഹണത്തിനാവശ്യമായ സൗകര്യങ്ങളും, പണമിടപാടുകൾക്ക് വേണ്ട ക്രമീകരണങ്ങളും സുരക്ഷാ സംവിധാനവും അന്തേവാസികളുടെ ഭക്ഷണം, കിടക്ക , റേഷൻ മുതലായ സൗകര്യങ്ങളും ഒരുക്കി ജയിൽ എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സബ് ജയിലിൽ ആവശ്യമായ ഫർണിച്ചറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം ഭരണ നിർവ്വഹണത്തിനാവശ്യമായ സൗകര്യങ്ങളും, പണമിടപാടുകൾക്ക് വേണ്ട ക്രമീകരണങ്ങളും സുരക്ഷാ സംവിധാനവും അന്തേവാസികളുടെ ഭക്ഷണം, കിടക്ക , റേഷൻ മുതലായ സൗകര്യങ്ങളും ഒരുക്കി ജയിൽ എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സബ് ജയിൽ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കി പ്രതികളെ എപ്പോൾ പാർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാകുന്ന മുറയ്ക്ക് അന്തേവാസികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ